പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3272** **29. 01. 2014** - ലെ മറുപടി

<u>നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. വർക്കല കഹാർ</u><br><u>ശ്രീ. കെ. മുരളീധരൻ</u><br><u>ശ്രീ. വി. പി. സജീന്ദ്രൻ</u><br><u>ശ്രീ. അൻവർ സാദത്ത്</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം സവിശേഷതകളാണ് പ്രസ്തുതപദ്ധതിക്കുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എയും ബിയും)തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുകയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പൊതുമേഖലാ ബാങ്കുകൾ, കെ.എഫ്.സി, കെ. എസ്. എഫ്. ഇ., കെ. എസ്. ഐ. ഡി. സി., എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.പരമാവധി 20 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 10% മൂലധന സബ്സിഡി നൽകാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. വായ്പ നൽകുന്ന ധനകാര്യ സ്ഥാപനം മുഖേന 'ബാക്ക് എന്റ് ' സബ്സിഡിയായിട്ടാണ് ആനുകൂല്യം സംരംഭകന് വിതരണം ചെയ്യുന്നത്. .സംസ്ഥാനത്ത് നിലവിലുള്ള സ്വയംസംരംഭക മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കാർഷികം, ചെറുകിട വ്യാപാരം, ചെറുകിട വ്യവസായം, സേവനം, ഉദ്പാദനം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം ലഭിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത. |
| (സി) പ്രസ്തുതപദ്ധതിക്ക് അർഹരായവർ ആരൊക്കെയാണ്; വിശദമാക്കുമോ? | (സി) വിദേശത്ത് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും ജോലി/താമസിച്ച് സ്ഥിരമായി മടങ്ങിയെത്തിയ പ്രവാസികളും അത്തരം പ്രവാസികൾ മാത്രം പങ്കാളികളായി ആരംഭിക്കുന്ന കമ്പനികൾ, സൊസൈറ്റികൾ തുടങ്ങിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയിരിക്കും. |

സെക്ഷൻ ഓഫീസർ